**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **12-02-2025 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | 2016 മുതൽ നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | 2016 മുതൽ ഒക്ടോബർ 2024 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആകെ 1,04,477 നിയമനങ്ങളാണ് നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത നിയമനങ്ങൾക്ക് നിലവിലെ മാനദണ്ഡപ്രകാരം എത്ര ശതമാനം വീതമാണ് സംവരണം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ പി.എസ്.സി യുടെ മാതൃകയിൽ സംവരണക്രമം പാലിക്കുന്നതിനായി G.O (P) 413/70/PD dtd. 21.12.1970 പ്രകാരം 100 പോയിന്റ് ഉള്ള സാമുദായിക സംവരണ പട്ടിക തയ്യാറാക്കിയിട്ടുണ്ട് അതിൽ ലാസ്റ്റ് ഗ്രേഡ് നിയമനകൾക്കും ലാസ്റ്റ് ഗ്രേഡ് ഇതര നിയമനകൾക്കും പ്രത്യകം പ്രത്യേകം സംവരണക്രമം നൽകിയിട്ടുണ്ട്. |
| (ഡി) | രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ദിവ്യാംഗർക്കും (പി. എച്ച്.) സീനിയോരിറ്റി നഷ്ടപ്പെടാത്തവിധം രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | **സ.ഉ.(സാധാ)നം. 1202/2024/LBR തീയതി 23.11.2024 സർക്കാർ ഉത്തരവ് പ്രകാരം, സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എന്നാൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ ലാപ്സായിട്ടുള്ള 50 വയസ്സ് പൂർത്തിയാകാത്ത (31/12/2024-നകം) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ തനത് സീനിയോറിറ്റി ഉൾപ്പെടെ, രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് 3 മാസ കാലയളവ് വരെ സമയം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.** |

| | | | |
|---|---|---|---|
| (ഇ) | നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യിക്കുന്നതിനും പരമാവധിപേർക്ക് നിയമന ശിപാർശകൾ വേഗത്തിൽ നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. 25.10.2004-ലെ 11887/ജി2/03/തൊഴിൽ നമ്പർ സർക്കുലറിൽ സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ച് പോരുന്ന സാമുദായിക സംവരണ പട്ടിക അനുസരിച്ച് സീനിയോറിറ്റി, യോഗ്യത, വയസിളവ്, സംവരണം, മുൻഗണന, മറ്റ് മാനദണ്ഡങ്ങൾ എന്നിവയ്ക്കനുസൃതമായി യോഗ്യരായ ഉദ്യോഗാർഥികളുടെ നാമനിർദ്ദേശ പട്ടിക തയാറാക്കി ഉദ്യോഗദായകന് യഥാസമയം വകുപ്പ് നൽകുന്നുണ്ട്. നിയമന ശുപാർശ നൽകുന്നത് ഉദ്യോഗദായകനാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് എവിടെ നിന്നും ഏതു സമയവും വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നീ ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രാഥമിക ഘട്ടമായി തിരുവനന്തപുരം മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ക്യു.ആർ കോഡ് ഉൾപ്പെടുത്തിയ സ്മാർട്ട് കാർഡ് നൽകിവരുന്നുണ്ട്. പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഓൺലൈനായി ഒരു പ്രത്യേക വെർച്ച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോർട്ടൽ നിലവിൽ വരുന്നതിനു മുൻപ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ റെക്കാർഡുകൾ സ്കാൻ ചെയ്തു ഓൺലൈൻ ഡാറ്റയോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് സ്വാകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സെൽഫ് ഓപ്പറേറ്റിംഗ് കിയോസ്ക്കുകൾ, ഡിജിറ്റൽ ഡിസ്പ്ലേകൾ എന്നിവ സ്ഥാപിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിനു പകരം സ്മാർട്ട് കാർഡുകൾ നൽകിയും, കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വകുപ്പിലെ എല്ലാ ഓഫീസുകളും ഇ ഓഫീസ് സംവിധാനം മുഖേന പേപ്പർ രഹിതമായാണ് പ്രവർത്തിച്ചുവരുന്നത്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി, കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ പദ്ധതിയുടെ ഭാഗമായി പുതിയതായി പത്ത് മോഡൽ കരിയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാനവ്യാപകമായി നിയുക്തി മെഗാ ജോബ് ഫെയറുകൾ/ജോബ് ഫെയറുകൾ സംഘടിപ്പിച്ച് വരുന്നു.

സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ വികസനം ലക്ഷ്യം വച്ച് സമന്വയ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളോടെ ആധുനികവൽക്കരിച്ച സ്മാർട്ട്ക്ലാസ്സ് / കമ്പ്യൂട്ടർ ലാബ് / കരിയർ ലൈബ്രറി എന്നിവ സ്ഥാപിച്ച് ഈ വിഭാഗത്തിലെ തൊഴിൽരഹിതരായ പ്രൊഫഷണൽ /സാങ്കേതിക യോഗ്യത നേടിയവർ ഉൾപ്പെടെയുള്ള വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾക്ക് സമഗ്ര പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

20/02/2023 ലെ സ.ഉ.(സാധാ)നം-217/2023-LBRD നമ്പർ ഉത്തരവ് പ്രകാരം കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ നടത്തിപ്പിൽ നിന്നും കേരള അക്കാദമി ഫോർ എക്സലൻസിനെ (KASE) പൂർണ്ണമായും ഒഴുവാക്കി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടത്തി വരുന്നു.

കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ പുതിയതായി ഒരു കരിയർ ഡെവലപ്പ്മെന്റ് സെന്റർ പ്രവർത്തനം ആരംഭിച്ചു.

തിരുവനന്തപുരം ജില്ലയിലെ കരമനയിൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

തൃശൂർ ജില്ലയിലെ ചേലക്കരയിൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു.

സംസ്ഥനത്തെ 6 ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, മലപ്പുറം, കണ്ണൂർ, വയനാട്,കാസറഗോഡ്) പുതിയതായി കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥനത്തിൽ ബന്ധപ്പെട്ട ജില്ലകളിൽ സ്ഥല ലഭ്യത ഉറപ്പ് വരുത്തി കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം വകുപ്പ് മുഖേന നടന്ന് വരുന്നു.

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ കേന്ദ്രമായി പയ്യന്നൂർ കണ്ടംകാളി വികസന സമിതിയുടെ പേരിലുള്ള 12 സെന്റ സ്ഥലത്ത് കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന്റെയും കരിയർ ഡെവലപ്പ്മെന്റ് സെന്റർ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന്റെയും നടപടികൾ വകുപ്പ് മുഖേന നടന്ന് വരുന്നു.

കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങളുമായി ബന്ധപെട്ട് കരിയർ ഡെവലപ്പ്മെന്റ് സെന്ററിലെ കരാർ ജീവനക്കാർ, ബന്ധപ്പെട്ട വകുപ്പിലെ ജിവനക്കാർ എന്നിവർക്ക് പരിശീലനം നൽകി വരുന്നു.

തിരുവനതപുരം ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തനം ആരംഭിച്ചു. എംപ്ലോയബിലിറ്റി സെന്ററുകളുടെ സർക്കാർ അംഗീകരിച്ചു നൽകിയ **DPR** പ്രകാരം നിർദ്ദേശിച്ചിട്ടുള്ള തസ്തികളിലെ നിയമന നടപടികൾ പൂർത്തീകരിച്ചു. എംപ്ലോയബിലിറ്റി സെന്ററുകളിൽ നിയമിതരായ കരാർ ജീവനക്കാക്കും ബന്ധപ്പെട്ട വകുപ്പിലെ ജീവനക്കാർക്കും പരിശീലനം നൽകി. എല്ലാ എംപ്ലോയബിലിറ്റി സെന്ററുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകി. എംപ്ലോയബിലിറ്റി സെന്ററുകളിലെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ **KASE** ന്റെ പക്കൽ നീക്കിയിരുപ്പുണ്ടായിരുന്ന **5,53,04,337/-** രൂപ സർക്കാരിന്റെ വരവു ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്ററിലെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ നിലവിൽ ലഭിക്കുന്ന തുക **230-00-800-70-Receipts pertainingto the Employability Centre under Directorate of Employment"** എന്ന വരവ് ശീർഷകത്തിൽ നേരിട്ട് ഒടുക്കി വരുന്നു. എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന നവജീവൻ സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി മുതിർന്ന പൗരന്മാരുടെ വിവിധ മേഖലയിലുള്ള വൈദഗ്ധ്യവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി വരുന്നു.

Kavitha.I

**സെക്ഷൻ ഓഫീസർ**